

WEDNESDAY 29-06-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/06/2022.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ (Black Bug) സാന്നിധ്യം കണ്ടുവരുന്നു. പകൽ സമയങ്ങളിൽ മണ്ണിനടിയിൽ ഒളിച്ചിരിക്കുന്നതിനാൽ ഇവയെ പെട്ടെന്ന് കണ്ടുപിടിക്കാൻ പ്രയാസമാണ്. തണ്ടുതുരപ്പന്റെയും എലിവെട്ടിനും സമാനമായ ലക്ഷണങ്ങൾ കണ്ടാൽ കരിഞ്ചാഴി ആക്രമണം സംശയിക്കാം. കൃഷിയിടത്തിൽ ഇറങ്ങി നോക്കി കീട സാന്നിദ്ധ്യം ഉറപ്പിച്ചതിന് ശേഷം മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക. വെളുത്തവാവിനും അതിനടുത്തുമുള്ള ദിവസങ്ങളിൽ കരിഞ്ചാഴികളെ കൂടുതലായി കാണാൻ സാധിക്കും. സംയോജിത നിയന്ത്രണ മാർഗങ്ങൾ അനുവർത്തിച്ച് കീടനിയന്ത്രണം സാദ്ധ്യമാക്കാം. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി **9383470697** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ജൂൺ 30 വരെ തിരുവനന്തപുരം പൂജപ്പുര മണ്ഡലത്തിലും സമീപത്തുമായി ഞാറ്റുവേല ചന്തയും സെമിനാറുകളും കർഷകരുടെ അനുഭവം പങ്കുവയ്ക്കലും വിവിധ കലാ പരിപാടികളും നടത്തപ്പെടുന്നു. മേളയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ ഫാമുകൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വി എഫ് പി സി കെ, കയർഫെഡ്, ബയോ ടെക്നോളജി ആൻഡ് ഫ്ളോറികൾച്ചർ സെന്റർ, സംരംഭകർ തുടങ്ങി വിവിധ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തമുണ്ടാകും. ഞാറ്റുവേല ചന്തയിൽ വിഷരഹിത നാടൻ പഴങ്ങൾ, പച്ചക്കറികൾ, അലങ്കാരച്ചെടികൾ, ഫലവൃക്ഷത്തൈകൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, കയർ ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടാകും. ഞാറ്റുവേലകളുടെ കൈമാറ്റവും, തലമുറകളുടെ സംവാദവും, കാർഷിക ലഘുരേഖകളുടെ വിതരണവും ഞാറ്റുവേല ചന്തയുടെ ഭാഗമായുണ്ടാകും. കാർഷിക സേവന ദാതാക്കളായ കാർഷിക കർമസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ സേവനം തിരുവനന്തപുരം നഗരത്തിന് ലഭ്യമാക്കാൻ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിട്ടുണ്ടെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാണ്. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിച്ചു.

4. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ നിന്നും പി.എം. കിസാൻ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചു കൊണ്ടിരിക്കുന്ന കർഷകർ കരം അടച്ച രസീതിന്റെ (പുതിയത്) പകർപ്പ്, ആധാറിന്റെ പകർപ്പ്, മൊബൈൽ ഫോൺ എന്നിവ സഹിതം അക്ഷയകേന്ദ്രം, ഡിജിറ്റൽ സേവാ കേന്ദ്രം എന്നിവ മുഖേന വസ്തുവിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ജൂൺ 30-നകം അപ്ഡേറ്റ് ചെയ്തില്ലെങ്കിൽ തുടർന്നുള്ള ആനുകൂല്യം ലഭിക്കുകയില്ലെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

6. ക്ഷീരവികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ 20 സെന്റിനു മുകളിൽ **പുൽകൃഷി** നടപ്പിലാക്കുന്നതിനു സബ്സിഡി നൽകുന്നു. താൽപര്യമുള്ള കർഷകർക്ക് **ജൂലൈ 10** വരെ ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉത്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം-പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ, ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടുക.

8. കൃഷിയെ ഗൗരവകരമായി കാണുന്ന ഒരു പുതു തലമുറയാണ് നമുക്കുള്ളതെന്നും ഇത് ഏറെ പ്രതീക്ഷ നൽകുന്നതാണെന്നും സ്പീക്കർ എം.ബി രാജേഷ് അഭിപ്രായപ്പെട്ടു. കൃഷിവകുപ്പ് സംഘടിപ്പിച്ച ഞാറ്റുവേല ചന്തകളുടെയും അതിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനവും തിരുവനന്തപുരം പൂജപ്പുര മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു സ്പീക്കർ. കൃഷിയോടനുബന്ധിച്ചുള്ള പൊതുപരിപാടിയിൽ ധാരാളം യുവാക്കളെയും വനിതകളേയും കാണുവാനായത് ശുഭപ്രതീക്ഷ നൽകുന്നുവെന്ന് സ്പീക്കർ പറഞ്ഞു. ആഗോളതലത്തിൽ ഭക്ഷ്യ വിലക്കയറ്റം വലിയൊരു പ്രതിസന്ധിയായി മുന്നിൽ നിൽക്കുകയാണ്. ഭക്ഷ്യക്ഷാമം ഉണ്ടാകാതെ നോക്കേണ്ടത് എല്ലാവരുടെയും കർത്തവ്യമാണ്. അതിനായി എല്ലാവരും കൃഷിയിലേക്ക് ഇറങ്ങുക എന്നതാണ് മാർഗ്ഗം. ഭക്ഷ്യക്ഷാമം ഉണ്ടായാൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ്. കാലാവസ്ഥ വ്യതിയാനം കൃഷിയേയും ഞാറ്റുവേലകളെയും തന്നെ മാറ്റിയിരിക്കുന്നു. ഇതു തിരികെ പിടിക്കണമെങ്കിൽ കാർഷിക സംസ്കൃതി വീണ്ടെടുക്കേണ്ടത് അത്യാവശ്യമാണെന്നും സ്പീക്കർ സൂചിപ്പിച്ചു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിലായിരുന്നു ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കപ്പെട്ടത്. ചടങ്ങിൽ നടീൽവസ്തുക്കളുടെ കൈമാറ്റം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർവഹിച്ചു. മികച്ച കർഷകനായ ജെ. ജോർജിൽ നിന്നും നടീൽവസ്തുക്കൾ ഏറ്റുവാങ്ങി മന്ത്രി മികച്ച കുട്ടി കർഷകനായ ഗോപീകൃഷ്ണന് കൈമാറുകയാണുണ്ടായത്. തരിശു രഹിത കേരളമെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ കർഷക സഭകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. ഞാറ്റുവേല കലണ്ടറിന്റെ പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ നിർവഹിച്ചു. ഡെപ്യൂട്ടി മേയർ പി.കെ രാജു, വാർഡ് കൗൺസിലർ വി. വി രാജേഷ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ലോഗോ തയ്യാറാക്കിയ നിതിൻ, ഭാഗ്യചിഹ്നമായ ചില്ലു എന്ന അണ്ണാറക്കണ്ണനെ രൂപകല്പന ചെയ്ത ദീപക് മൗത്താട്ടിൽ എന്നിവർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്പീക്കർ അവാർഡ് നൽകി. തുടർന്ന് ജില്ലാതല കർഷക അവാർഡുകൾ സ്പീക്കറും മന്ത്രിമാരും ചേർന്ന് വിതരണം ചെയ്തു.

**പരിശീലന പരിപാടികൾ**

9. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂൺ 30) രാവിലെ 11 മണിക്ക് **ചെണ്ടുമല്ലി കൃഷി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ഹൈടെക് കൃഷി" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ജൂലൈ 11 ന് ആരംഭിക്കുന്നു. കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കോഴ്സ് പ്രയോജനപ്പെടുത്താവുന്നതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി കോഴ്സിൽ രജിസ്റ്റർ ചെയ്യാം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 10 ആണ്.

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (30.06.2022) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **0491– 2815454** വിളിച്ചോ **9188522713** എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് വാട്സാപ്പ് മെസ്സേജ് അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.